STD:4
മാർക്ക് 25

# പരിസരപഠനം -യൂണിറ്റ് ടെസ്റ്റ്
## വയലും വനവും

## ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

(5)

1) ജലത്തിൽ മാത്രം ജീവിക്കുന്ന 3 ജീവികളുടെ പേര് എഴുതുക.
2) മത്സ്യത്തിന്റെ ശ്വസനാവയവം ഏത്?
3) ജലത്തിലും കരയിലുമായി ജീവിതചക്രം പൂർത്തിയാക്കുന്ന ജീവികൾക്ക് പറയുന്ന പേര്
4) ഒരു ജീവിയുടെ പ്രത്യേകതകൾ താഴെ കൊടുത്തിരിക്കുന്നു .ജീവി ഏതെന്നു കണ്ടെത്തി എഴുതുക.
   വളഞ്ഞ് മൂർച്ചയുള്ള കൊക്കുകൾ ,
   ഇരയെ കോർത്ത് പിടിക്കുന്നതിന് കൂർത്ത് വളഞ്ഞു
   മൂർച്ചയേറിയ നഖങ്ങൾ ,ദൂര കാഴ്ച

   a.കൊക്ക്  b. പരുന്ത്  c. മരംകൊത്തി  d. അണ്ണാൻ

5) വെള്ളത്തിൽ ആയിരിക്കുമ്പോൾ തവളയുടെ ശ്വസനാവയവം ഏതാണ് ?

## ശരിയായവ യോജിപ്പിക്കുക:

(5)

| | | |
|---|---|---|
| അസോള | - | അജീവീയ ഘടകം |
| സാലമാണ്ടർ | - | ആവാസ വ്യവസ്ഥ |
| സൂര്യ പ്രകാശം | - | മണ്ണ് |
| കുന്നുകൾ | - | ഉഭയ ജീവി |
| മണ്ണിര | - | ജലസസ്യം |

## ഉത്തരമെഴുതുക

(1) അനുകൂലനം എന്നാൽ എന്ത് ? (5)





- ഈ ജീവികൾക്ക് ജലജീവിതത്തിനു അനുയോജ്യമായ എന്തെല്ലാം സവിശേഷതകളാണുള്ളത് ?

(2) പ്രകൃതി നടത്തത്തിനു ഇറങ്ങിയ അമ്മുവും കൂട്ടുകാരും ആദ്യം പോയത് വലിയ കാവിലേക്കാണ് .അവിടെ അവർ കണ്ടത് താഴെ കൊടുക്കുന്നു. (5)

മരങ്ങൾ , വള്ളിച്ചെടികൾ , കുരങ്ങൻ , പാറ ,മണ്ണ് , പുല്ല് , കാക്ക ,ഉറുമ്പ് ചെറു പ്രാണികൾ , വായു , പുൽച്ചാടി , പരുന്ത്, മഞ്ഞുതുള്ളി ,

ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് അത്യാവശ്യമായ ഈ ഘടകങ്ങളെ തരംതിരിച്ചെഴുതുക

| ........................................ | അജീവീയ ഘടകങ്ങൾ |
|---|---|
| | |

- ആവാസവ്യവസ്ഥ എന്നാൽ എന്ത്?
- നിങ്ങളുടെ പ്രദേശത്തുള്ള ആവാസ വ്യവസ്ഥകൾ ഏതെല്ലാം?

3. ചിത്രം നിരീക്ഷിക്കുക . നിങ്ങൾ ഈ ചിത്രത്തിൽ കാണുന്ന (5)
പരിസ്ഥിതി പ്രശ്നം ഏതാണ് ?



- മനുഷ്യന്റെ ഈ പ്രവർത്തനം കൊണ്ടുള്ള ദോഷങ്ങൾ എന്തെല്ലാം?
- മനുഷ്യന്റെ മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് ആവാസ വ്യവസ്ഥ യുടെ നാശത്തിന് കാരണമാകുന്നത് ?